മി. സ്പീക്കർ : ശ്രീ. പി. രാഘവൻ, അദ്ദേഹത്തിനുവേണ്ടി ചോദ്യം ചോദിക്കുന്നതിന് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററെ ഓതറൈസ് ചെയ്തിട്ടുണ്ട്.

2 (*396) ജയിലുകളിലെ സൗകര്യങ്ങൾ

ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമിച്ച ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമായിരുന്നു;

(ഡി) തടവുകാർക്ക് പഠിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) തടവുകാർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(എഫ്) ജയിലിൽവച്ച് മരണമടയുന്ന തടവുകാരുടെ കുടുംബത്തിന് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) സർക്കാർ ഇക്കാര്യത്തിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തടവുകാരുടെ വേതനം, വൈദ്യസഹായം, സാനിറ്റേഷൻ, പാചക സംവിധാനം എന്നിവ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്. ഉദയഭാനു കമ്മീഷൻ 227 ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. എട്ടുവർഷം തനിശിക്ഷയും ഇളവുകളടക്കം പത്തുവർഷവും ശിക്ഷ പൂർത്തിയാക്കിയ ജീവപര്യന്ത തടവുകാരുടെ മോചനം സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനായി പ്രിസൺ റിവ്യൂ കമ്മിറ്റി രൂപീകരിക്കുക, സ്ഥിരം കുറ്റവാളികളെ മറ്റു തടവുകാരിൽനിന്നും മാറ്റി വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിക്കുക, ദക്ഷിണമേഖലയിൽ ഒരു എ.ഐ.ജി. തസ്തിക സൃഷ്ടിച്ച് മേഖലാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലെ സബ് ജയിലുകൾ, ജില്ലാ ജയിലുകളായി ഉയർത്തുക, രണ്ട് പുതിയ തുറന്ന ജയിലുകൾ സ്ഥാപിക്കുക, ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുക, ആധുനികരീതിയിലുള്ള ജയിൽ കെട്ടിടങ്ങൾ നിർമ്മിക്കുക, പാചക സംവിധാനം മെച്ചപ്പെടുത്തുക, എല്ലാ ജയിലുകളിലും ലൈബ്രറികൾ തുടങ്ങുക, തടവുകാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുക, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ശുപാർശകൾ. ഇവയിൽ ഭൂരിഭാഗവും നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജയിൽശിക്ഷയിൽ കഴിയുമ്പോൾതന്നെ പഠിക്കുവാൻ താൽപ്പര്യമുള്ള തടവുകാർക്ക് പഠനസൗകര്യവും പരീക്ഷ എഴുതുന്നതിനുള്ള സൗകര്യവും നൽകിവരുന്നുണ്ട്.

(ഇ) തടവുകാർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്.

(എഫ്) ജയിലിൽവച്ച് മരണമടയുന്ന തടവുകാരുടെ കുടുംബത്തിന് ധനസഹായം നൽകാൻ നിലവിൽ ചട്ടമില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

മി. സ്പീക്കർ : യേസ്, ചോദ്യം 414, ജയിലുകളുടെ നവീകരണം സംബന്ധിച്ചുള്ളതാണ്. അത് 396-ഉം തമ്മിൽ ക്ലബ് ചെയ്ത് എടുക്കാം. ചോദ്യം 414, ശ്രീ. കെ.എം. മാണി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

3 (*414) ജയിലുകളുടെ നവീകരണം

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതിയെന്താണെന്ന് വിശദമാക്കുമോ;

(ബി) തടവുകാരുടെ മോചനം സംബന്ധിച്ച് റിട്ട. ജസ്റ്റിസ് ടി. ചന്ദ്രശേഖരമേനോൻ അദ്ധ്യക്ഷനായുള്ള ജയിൽ അവലോകന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഇതുവരെ എത്ര തടവുകാരെ മോചിപ്പിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) ശിക്ഷയുടെ കാലാവധി പൂർത്തിയായിട്ടും മോചനം ലഭിക്കാത്ത എത്ര തടവുകാർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇപ്രകാരം ആരെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം വിവരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ,

(എ) ജയിലുകളുടെ നവീകരണത്തെ സംബന്ധിച്ച് രണ്ട് അന്വേഷണ കമ്മിഷനെ വച്ചിരുന്നു. ആ അന്വേഷണക്കമ്മിഷന്റെ ഫലമായി തടവുകാരുടെ മോചനവും അതുപോലെതന്നെ ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ അദ്ധ്യക്ഷനായ അവലോകന കമ്മിറ്റിയും തീരുമാനിച്ച നിർദ്ദേശങ്ങൾ ഞങ്ങൾ നടപ്പാക്കുന്നുണ്ട് ..... (ബഹളം) .....

മി. സ്പീക്കർ : അതല്ല. ചോദ്യം 414-ന്റെ ഉത്തരം ആ ഫയലിലുണ്ടാവും. ചോദ്യം 414 ക്ലബ് ചെയ്തു, കാരണം അത് ജയിലുകളുടെ നവീകരണം സംബന്ധിച്ചുള്ളതാണ്. ആ ചോദ്യത്തിന്റെ ഉത്തരം ഇവിടെ ഫയലിലുണ്ട്, ഇതിൽനിന്ന് തരാം, ഇവിടെയുണ്ട് അതിന്റെ മറുപടി ..... (ബഹളം) ..... ഇത് അവസാനത്തെ ചോദ്യമാണ്,

LIBRARY ARCHIVES Kerala Legislative Assembly